# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.455 — 12.06.2012 ൽ മറുപടിയ്ക്ക്

## അന്യസംസ്ഥാനങ്ങളിൽ നിന്നു വാങ്ങുന്ന വാഹനങ്ങളുടെ രജിസ്ട്രേഷൻ

| ചോദ്യം<br>ശ്രീ. പി.സി.ജോർജ്<br>ഡോ.എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) അന്യ സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങുന്ന പഴയ വാഹനങ്ങൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്നതിന് പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണ്; | (എ) | അന്യ സംസ്ഥാന വാഹനങ്ങൾ കേരളത്തിൽ രജിസ്റ്റർ ചെയ്യുന്നതിനായി ഫോം-27-ലുള്ള അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഹാജരാക്കേണ്ടതായിട്ടുണ്ട്.<br>(എ) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്<br>(ബി) ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്<br>(സി) പുക പരിശോധന സർട്ടിഫിക്കറ്റ്<br>(ഡി) ഒറിജിനൽ രജിസ്റ്ററിംഗ് അതോറിറ്റി നൽകിയിട്ടുള്ള ഫോം-28-ലുള്ള നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്.<br>(ഇ) മേൽ വിലാസം തെളിയിക്കുന്നതിനുള്ള രേഖ.<br>(എഫ്) ഗസറ്റഡ് ഓഫീസർ അറ്റസ്റ്റ് ചെയ്ത രണ്ട് കോപ്പി പാസ്പോർട്ട് സൈസ് ഫോട്ടോഗ്രാഫ്.<br>(ജി) ഇൻഡെമ്നിറ്റി ബോണ്ട് .<br>(എച്ച്) മേൽ വിലാസം മാറ്റുന്നതിനായി പൂരിപ്പിച്ച ഫോം-33. വാഹനത്തിന്റെ ഉടമസ്ഥാവകാശം മാറ്റേണ്ടതായുണ്ടെങ്കിൽ ഫോം 33 ന് പകരം ട്രാൻസ്ഫററും , ട്രാൻസ്ഫറിയും ഒപ്പിട്ട ഫോം -29 (രണ്ട് കോപ്പി), ഫോം-30 ഇവയോടൊപ്പം പാൻകാർഡിന്റെയോ , ഫോം-60-ന്റെയോ പകർപ്പ്. (മോട്ടോർ സൈക്കിളിന്റെ ഉടമസ്ഥാവകാശം മാറ്റുന്നതിന് പാൻ കാർഡിന്റെയോ, ഫോം-60-ന്റെയോ പകർപ്പ് ആവശ്യമില്ല.)<br>(ഐ) പൗരത്വം തെളിയിക്കുന്നതിനുള്ള രേഖ.<br>(ജെ) ഇന്ത്യയിൽ നിയമപരമായ സാന്നിദ്ധ്യം തെളിയിക്കുന്നതിനുള്ള രേഖ, ഇതോടൊപ്പം |

| | | |
|---|---|---|
| | | വാസസ്ഥാനം തെളിയിക്കുന്നതിനുള്ള രേഖ .<br>(കെ) ചട്ടപ്രകാരം ഫീസ് ഒടുക്കിയതിന്റെ രേഖ.<br>മേൽ പറഞ്ഞ രേഖകളോടൊപ്പം വാഹനവും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. വാഹന പരിശോധന നടത്തി വാഹനം യഥാർത്ഥമായ ഒന്നാണെന്ന് മനസ്സിലായാൽ അപേക്ഷ സ്വീകരിക്കുന്നതും തുടർന്ന് അപേക്ഷകനെ പേഴ്സണൽ ഹിയറിംഗിന് വിളിക്കുകയും, ഹിയറിംഗിന് ശേഷം വാഹനം നിലവിലുള്ള മോട്ടോർ വാഹന നിയമങ്ങളും, ചട്ടങ്ങളും അനുസരിക്കുന്നുണ്ടെന്നും, അപേക്ഷകൻ സമർപ്പിച്ച രേഖകൾ യഥാർത്ഥത്തിലുള്ളതാണെന്നും രജിസ്റ്ററിംഗ് അതോറിറ്റിക്ക് ബോദ്ധ്യപ്പെടുകയാണെങ്കിൽ പുതിയ രജിസ്ട്രേഷൻ നമ്പർ നൽകുന്നതുമാണ്. |
| (ബി) ഇപ്രകാരം രജിസ്റ്റർ ചെയ്യുമ്പോൾ ഒടുക്കേണ്ടതായ നികുതി നിശ്ചയിക്കുന്നത് ഏതു മാനദണ്ഡം അടിസ്ഥാനമാക്കിയാണ്; വ്യക്തമാക്കാമോ? | (ബി) | കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ടിൽ വകുപ്പ് 3(1) പ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഷെഡ്യൂൾ അടിസ്ഥാനമാക്കിയാണ് നികുതി ഈടാക്കുന്നത്. |

സെക്ഷൻ ഓഫീസർ